പ്രസിദ്ധീകരണത്തിന്റെ 29–ാം വർഷം

# കൊച്ചിൻ പത്രിക

29TH ANNIVERSARY · മാറുന്ന കൊച്ചിക്കൊപ്പം · ESTD 1997

Publishing Date : April 2026

Regn. No. KL/EKM/318/2023 - ’26

R.N.I. No. 68414/98

ESTD: 1997 | Published from Ernakulam, Kochi - 682 017 | വാല്യം 29 ലക്കം 7 2026 ഏപ്രിൽ 1–15 | Visit us: www.kochinpathrika.com

# കർഷക പെൻഷൻ ഫയൽ ചുവപ്പ് നാടയിൽ

**ജോസൂട്ടി**





തിരുവനന്തപുരം: കൃഷി വകുപ്പിന്റെയും സിപിഐയുടെയും സമ്മർദം അവഗണിച്ച് കർഷക ക്ഷേമനിധി പെൻഷനുമായി ബന്ധപ്പെട്ട ഫയൽ ചുവപ്പുനാടയിൽ ധനവകുപ്പിലിരിക്കുന്നത് നീണ്ടകാലമായി.

ഫയൽ 2021 മാർച്ചിലാണ് കൃഷി വകുപ്പ് തയ്യാറാക്കിയത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ 2022നു ശേഷം കാര്യമായ നടപടിയുണ്ടായില്ല. തടസ്സങ്ങൾ നീക്കാൻ 2022 നവംബറിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നെങ്കിലും ഫലമുണ്ടായില്ല. പദ്ധതി ഭാഗികമായെങ്കിലും ആരംഭിക്കണമെന്നാവശ്യപ്പെട്ട ക്ഷേമനിധി ബോർഡ് നേതൃത്വം ധനവകുപ്പിനെ സമീപിച്ചെങ്കിലും ഫയൽ അനങ്ങിയില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണങ്ങൾ ധനവകുപ്പ് ആവശ്യപ്പെടുകയും അതിന് കൃഷി വകുപ്പ് മറുപടി നൽകുകയും ചെയ്യുന്നതിൽ മാത്രമായി നടപടികളൊതുങ്ങി.

പദ്ധതി സംബന്ധിച്ച ഫയൽ വർഷങ്ങൾ പിടിച്ചുവച്ച ശേഷം കഴിഞ്ഞ ഫെബ്രുവരിയിലാണ് 5,000 രൂപ പെൻഷൻ നൽകാനാവില്ലെന്നു കാട്ടി ധനവകുപ്പ് കുറിപ്പ് തയ്യാറാക്കിയത്. ഈ സർക്കാരിന്റെ അവസാന മന്ത്രിസഭായോഗത്തിന് ഏതാനും ദിവസങ്ങൾ മുൻപ് മാത്രമാണ് ഫയൽ കൃഷി വകുപ്പിലേക്കെത്തിയത്. അതിനുള്ള മറുപടി ക്ഷേമനിധി ബോർഡ് നൽകിയെങ്കിലും മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ സാധിച്ചില്ല. പെൻഷനു പുറമേ കർഷകരുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം ഇൻഷുറൻസ് എന്നിവയടക്കമുള്ള ആനുകൂല്യങ്ങളും പദ്ധതിയുടെ ഭാഗമായി വാഗ്ദാനം ചെയ്തിരുന്നെങ്കിലും അവ ഇനി നടപ്പാകുമോയെന്ന കാര്യത്തിലും വ്യക്തതയില്ല.

സിപിഎം ഭരിക്കുന്ന വിവിധ തൊഴിലാളി ക്ഷേമ ബോർഡുകൾ ചെറിയ തുക പെൻഷനായി നൽകുമ്പോൾ കർഷക ക്ഷേമനിധിയിൽ പരമാവധി 5,000 രൂപ വാഗ്ദാനം ചെയ്തതാണ് തുടർനടപടികൾ സ്തംഭിപ്പിച്ചത്. പദ്ധതി നടപ്പാക്കിയാൽ മറ്റു ക്ഷേമ ബോർഡുകളെ ഉപേക്ഷിച്ച് കർഷക ക്ഷേമനിധിയിൽ കൂടുതൽ ആളുകൾ ചേരുന്ന സാഹചര്യമുണ്ടാകുമെന്നും അതു രാഷ്ട്രീയമായി ക്ഷീണം ചെയ്യുമെന്നും സിപിഎം ഭരണ ബോർഡിലെ ഭാരവാഹികൾ പാർട്ടി നേതൃത്വത്തെ അറിയിച്ചിരുന്നു.

# കേരളത്തിൽ 2,69,53,644 വോട്ടർമാർ




കൊച്ചി: കേരളത്തിൽ നിലവിൽ 2,69,53,644 വോട്ടർമാരാണ് ഉള്ളതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. ഇതിൽ 1.31 കോടി പുരുഷന്മാരും 1.38 കോടി വനിതകളും 277 ട്രാൻസ്ജെൻഡർ വിഭാഗക്കാരും ഉൾപ്പെടുന്നു.

18–19 പ്രായപരിധിയിലുള്ള 4.24 ലക്ഷം കന്നി വോട്ടർമാരുണ്ട്. 85 വയസ്സിന് മേലുള്ള 2.04 ലക്ഷം വോട്ടർമാരിൽ 1,571 പേർ 100 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരാണ്. ശാരീരിക പരിമതിയുള്ള 2.43 ലക്ഷം വോട്ടർമാരുണ്ട്. അവർക്കും വയോധികർക്കും ബൂത്തുകളിൽ എല്ലാ സൗകര്യങ്ങളും ഒരുക്കും. ആകെ 30,471 പോളിങ് ബൂത്തുകളുണ്ട്. അയ്യായിരത്തോളം ബൂത്തുകൾ പുതിയതാണ്. 397 ബൂത്തുകൾ പൂർണമായും വനിതാ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യും. ചീഫ് സെക്രട്ടറി, ഡിജിപി ജില്ലാതല തിരഞ്ഞെടുപ്പ് ഓഫീസർമാർ, പോലീസ്–എക്സൈസ് – ഇഡി, ആദായ നികുതി ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ബിഎൽഒമാർ തുടങ്ങിയവരുമായി അദ്ദേഹം ഒരുക്കങ്ങൾ വിലയിരുത്തി. തിരഞ്ഞെടുപ്പു കമ്മിഷണർമാരായ സുഖ്ബീർ സിങ് സന്ധു, വിവേക് ജോഷി, സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ കേൽക്കർ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

വിശാലം, ട്രാൻസ്ജെൻഡർ ഷെറിൻ ആന്റണി, ഭിന്നശേഷി സംഘടനയുടെ ഭാരവാഹിയായ രാജീവ് പള്ളുരുത്തി എന്നിവരെയും ചടങ്ങിൽ ആദരിച്ചു.



കൊച്ചിൻ പത്രിക
വാല്യം 29 ലക്കം 7 2026 ഏപ്രിൽ 1–15

# പാചക വാതക സിലിണ്ടർ ക്ഷാമംമൂലം ഗുരുതര പ്രതിസന്ധി

വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വിതരണം സ്തംഭിച്ചതോടെ സംസ്ഥാനം നേരിടാൻ പോകുന്നത് ഗുരുത പ്രതിസന്ധി. ഈ സ്ഥിതി തുടർന്നാൽ ഭൂരിഭാഗവും ഹോട്ടലുകളും റസ്റ്ററന്റുകളും ഈയാഴ്ച തന്നെ പൂട്ടേണ്ടിവരും പകുതിയിലേറെ 3 ദിവസത്തിനകം പ്രവർത്തിക്കില്ലെന്നാണ് ഹോട്ടൽ മേഖലയിലെ അസോസിയേഷനുകൾ നൽകുന്ന സൂചന.

നിലവിൽ 5 ശതമാനത്തോളം ചെറുകിട ഹോട്ടലുകൾ പൂട്ടിയതായാണ് ഏകദേശ കണക്ക്. ഇതിൽ മിക്കതും കുടുംബങ്ങൾ നേരിട്ടു നടത്തുന്ന ഹോട്ടലുകളാണ്. കുടുംബങ്ങളിൽ ലഭിച്ചിരുന്ന ഗാർഹിക സിലിണ്ടറുകൾ കൂടി ഉപയോഗപ്പെടുത്തിയാണ് ഇവ പ്രവർത്തിച്ചിരുന്നത്. ഇവ തീർന്നു കഴിഞ്ഞു.

വാണിജ്യ സിലിണ്ടറുകളുടെ സ്റ്റോക്ക് ഹോട്ടലുകളിൽ മിക്കയിടത്തും കുറച്ചു ദിവസത്തേക്കുകൂടി മാത്രേയുള്ളൂ. അതിഥികളുടെ മുറികളിലേക്ക് ഭക്ഷണ ഓർഡർ സ്വീകരിക്കുന്നത് ഒരു വിഭാഗം ഹോട്ടലുടമകൾ നിർത്തിക്കഴിഞ്ഞു. മെനുവിൽ മാറ്റം വരുത്തി ഏതാനും ദിവസം കൂടി പിടിച്ചുനിൽക്കാനാണ് ശ്രമം. ഇത്തരം ഒരു ലക്ഷത്തിൽപരം സ്ഥാപനങ്ങളിലായി ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് പേരുടെ ജോലി നഷ്ടമാകുന്നതാകും ഏറ്റവും വലിയ പ്രതിസന്ധി. ഒട്ടേറെ അതിഥിത്തൊഴിലാളികൾ നിലവിൽ ഹോട്ടൽ മേഖലകളിൽ ജോലി ചെയ്യുന്നതിനാൽ ഇവരുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ച് ഉടമകൾക്ക് ആശങ്കയുണ്ട്. ഏതാനും വർഷം മുൻപ് നിർമാണമേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടായപ്പോൾ അതിഥി തൊഴിലാളികൾ കൂട്ടത്തോടെ കേരളം വിട്ടിരുന്നു.

വാണിജ്യ മേഖല സ്തംഭിക്കുന്നതിനൊപ്പം ടൂറിസം രംഗത്തും കനത്ത തിരിച്ചടി നേരിടേണ്ടിവരുമെന്ന ആശങ്ക ആ മേഖലയിലുണ്ട്. ഇപ്പോഴത്തെ പ്രതിസന്ധി ഒരു മാസത്തിലേറെ നീളാമെന്ന വിലയിരുത്തൽ ഹോട്ടൽ ഉടമകൾക്കിടയിലുണ്ട്.

വിവാഹങ്ങൾ പോലുള്ള ആഘോഷങ്ങൾക്കായി ഹാളുകൾ ബുക്ക് ചെയ്തവരും ആളുകളെ ക്ഷണിച്ചവരും ആശങ്കയിലാണ്. ഭൂരിഭാഗം കേറ്ററിങ് സ്ഥാപനങ്ങളും എൽപിജി സിലിണ്ടർ ഉപയോഗിച്ചാണ് സദ്യയും മറ്റും ഒരുക്കുന്നത്. ഇതിന് പകരം സംവിധാനം പെട്ടെന്ന് ഒരുക്കുക എളുപ്പമല്ല.

ആശുപത്രി കാന്റീനുകൾക്കും മറ്റും മുൻഗണന നൽകി വാണിജ്യ സിലിണ്ടറുകൾ നൽകാനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നിർദേശം. മറ്റു അനാഥാലയങ്ങൾ, ശരണാലയങ്ങൾ എന്നിവയ്ക്കും മുൻഗണന ലഭിച്ചേക്കുമെന്നാണ് പ്രതീക്ഷ. എന്നാൽ, ഇത് എത്രത്തോളം ഫലപ്രദമാകുമെന്ന കാര്യത്തിൽ ആശങ്കയുണ്ട്.

വാണിജ്യ സിലിണ്ടറുകളുടെ ഉല്പാദനം പൂർണമായി നിർത്തി ഗാർഹിക സിലിണ്ടറുകളുടെ വിതരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് കമ്പനികളോട് ആവശ്യപ്പെട്ടിരിക്കുന്നത്.

**സൈമൺ ഇടപ്പള്ളി**
**ചീഫ് എഡിറ്റർ**

*Office Address:*
**KOCHIN PATHRIKA,**
**Kerala's Largest Circulated**
**Malayalam Fortnightly Newspaper**
**64/5218, Kaloor P.O., Kochi - 682 017.**
**Ph: +91- 484 - 2338268, 3917321,4300526**
**Mobile: +91 94470 90041, 98476 14494**
**Visit us : www.kochinpathrika.com**
**E-mail: mail@kochinpathrika.com,**
**kochinpathrika@gmail.com**

# ആഗോള അയ്യപ്പസംഗമത്തിന്റെ കണക്കൊപ്പിക്കാൻ ബോർഡ് പാടുപെടുന്നു

ആഗോള അയ്യപ്പസംഗമ സംഘാടനത്തിന്റെ ചെലവു കണക്ക് വെട്ടിച്ചുരുക്കിയുള്ള ഒത്തുതീർപ്പിലൂടെ വിവാദങ്ങളൊഴിവാക്കാനുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കരാർക്കമ്പനിയായ ഐഐഐഎസിയുടെയും ശ്രമത്തിന് ഹൈക്കോടതി ഇടപെടൽ തിരിച്ചടിയാവുന്നു. കണക്കുകളും രേഖകളും നേരിട്ടു ഹാജരാക്കാൻ കോടതി ഉത്തരവിട്ടതോടെ അതിനുള്ള നെട്ടോട്ടത്തിലാണ് ബോർഡും കരാറുകാരും കരാർ സ്ഥാപനത്തിന്റെയും ഓഡിറ്ററുടെയും അടിയന്തരയോഗം വിളിച്ചിരിക്കുകയാണ് ബോർഡ്.




പുതിയ ഓഡിറ്റ് റിപ്പോർട്ട് നൽകാൻ 3 ആഴ്ച കൂടി സാവകാശം വേണമെന്ന ബോർഡിന്റെ ആവശ്യം തള്ളിക്കൊണ്ടാണ് രേഖകൾ ഹാജരാക്കാൻ ബോർഡ് നിയോഗിച്ച സ്വകാര്യ ഓഡിറ്ററോട് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനായി ഓഡിറ്റ് സ്ഥാപനത്തെ കക്ഷി ചേർത്ത കോടതി നടപടി ബോർഡിന് അപ്രതീക്ഷിത പ്രഹരമാണ്. വരവുചെലവ് സംബന്ധിച്ചുള്ള രേഖകൾക്ക് പുറമേ ഓഡിറ്റിങ്ങുമായി ബന്ധപ്പെട്ട് ബോർഡിനോടു ചോദിച്ച വിവരങ്ങളും മറുപടികളും കൂടി അറിയിക്കാനാണ് ഓഡിറ്റിങ് സ്ഥാപനത്തോട് നിർദേശിച്ചിരിക്കുന്നത്.

കരാർ മുതൽ ഓഡിറ്റിങ് വരെയുള്ള കാര്യങ്ങളിലുണ്ടായ വീഴ്ചകൾ ഇതോടെ കോടതിയുടെ മുന്നിലെത്തുകയാണ്.

കഴിഞ്ഞ ബോർഡിന്റെ കാലത്താണ് അയ്യപ്പസംഗമം സംഘടിപ്പിച്ചതെന്നതിനാൽ കരാറുമായും ചെലവുമായും ബന്ധപ്പെട്ട കാര്യങ്ങൾക്കെല്ലാം ഉത്തരവാദിത്തം ആ ബോർഡിനാണ്. എന്നാൽ ഓഡിറ്റിങ്ങുമായി ബന്ധപ്പെട്ടുണ്ടായ വീഴ്ചകൾക്ക് നിലവിലെ ബോർഡും ഉത്തരം പറയേണ്ടിവരും. കഴിഞ്ഞ ബോർഡിൽ അംഗമായ പി.ഡി.സന്തോഷ് കുമാർ ഈ ബോർഡിലും അംഗമായി തുടരുന്നുമുണ്ട്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നടത്തുന്ന ചവറയിലെ പരിശീലന സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ 10% തുക കൂട്ടി പരിപാടിയുടെ ഇവന്റ് മാനേജ്മെന്റ് കരാർ നൽകിയത് ടെൻഡർ പോലുമില്ലാതെയാണെന്ന് ശബരിമല സ്പെഷൽ കമ്മിഷണർ ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

സെപ്തംബർ 20ന് നടന്ന സംഗമത്തിന്റെ ഓഡിറ്റ് ചെയ്ത കണക്ക് 45 ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന ഹൈക്കോടതി വിധി 5 മാസമായിട്ടും നടപ്പാക്കാതെ വന്നതോടെയാണ് കോടതി കടുത്ത നടപടികളിലേക്ക് കടന്നിരിക്കുന്നത്.

# ശബരിമല തീർഥാടനത്തിന് പ്രത്യേക ബജറ്റ് വരുന്നു

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക ബജറ്റ് അവതരിപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ പറഞ്ഞു. ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായാണ് തീർഥാടനത്തിന് മാത്രമായി പ്രത്യേക ബജറ്റ് തയ്യാറാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തീർഥാടന കാലത്തെ ചെലവുകൾ നിയന്ത്രിക്കാനും വരുമാനച്ചോർച്ച തടയാനും ഇതു സഹായിക്കും. ബജറ്റ് നിലവിൽ വരുന്നതോടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാനും പ്രവർത്തനങ്ങളിൽ കൂടുതൽ പ്രഫഷനലിസം കൊണ്ടുവരാനുമാകും. നിലവിൽ ഇടയ്ക്കിടെ അഡ്വാൻസ് തുകകൾ അനുവദിക്കുന്ന രീതിക്ക് പകരം ആസൂത്രിതമായ സാമ്പത്തിക വിനിയോഗം ഉറപ്പാക്കുകയാണ് ലക്ഷ്യം.



ശബരിമലയിലെ കച്ചവട സ്ഥാപനങ്ങൾക്ക് പുതിയ ടെൻഡർ രീതി നടപ്പിലാക്കും. ലേല നടപടികളിലെ കുത്തക അവസാനിപ്പിച്ച് കൂടുതൽ സുതാര്യത ഏർപ്പെടുത്തും. സ്പോൺസർഷിപ്പുകളിൽ പൂർണ സുതാര്യത കൊണ്ടുവരും.

ദേവസ്വം ബോർഡ് ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് മാത്രമായിരിക്കും സ്പോൺസർഷിപ് അനുവദിക്കുക. ഇടനിലക്കാരെ ഒഴിവാക്കി, താല്പര്യമുള്ളവരിൽ നിന്ന് നേരിട്ട് സ്പോൺസർഷിപ് സ്വീകരിക്കാനാണ് തീരുമാനം.

ശബരിമലയിലെ ശുചിത്വമില്ലായ്മയെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കും ശാസ്ത്രീയവും കൃത്യവുമായ ശുചിത്വ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ശുചിത്വമിഷനുമായി ചർച്ച നടത്തി പ്രദേശം പൂർണമായും പ്ലാസ്റ്റിക് മുക്തമാക്കും.

മണ്ഡല–മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി വിഷുവിന് തന്നെ പമ്പയിൽ തീർഥാടന ഓഫീസ് സജ്ജമാക്കും. ബോർഡിന്റെ പ്രത്യേക യോഗങ്ങൾ ഇവിടെയാകും നടക്കുക. മകരവിളക്ക് കഴിയുമ്പോൾ തന്നെ വരവു ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യും.

ശബരിമലയിലെ ഭരണനിർവഹണം കൂടുതൽ സുതാര്യവും ഭക്തജന സൗഹൃദവുമാക്കുന്നതിന്റെ ഭാഗമായാണ് തീരുമാനങ്ങളെന്നും കെ.ജയകുമാർ പറഞ്ഞു.

# വൈറ്റിലയിലെ കുരുക്കഴിക്കാൻ പുനർരൂപകല്പന

**ജോമോൻ**



കൊച്ചി: വൈറ്റിലയിലെ ഗതാഗതക്കുരുക്കഴിക്കാൻ ജംഗ്ഷൻ പുനർ രൂപകല്പന ചെയ്യാൻ നിർദേശം. വൈറ്റില പ്രാദേശിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശ വകുപ്പ് ആസൂത്രണ വിഭാഗം തയ്യാറാക്കിയ കരടിലാണ് ഈ നിർദേശം.

ഇതുൾപ്പെടെ വൈറ്റില ലാപ്പിന്റെ കരടു നിർദേശങ്ങൾ കോർപറേഷന്റെ അടുത്ത കൗൺസിൽ യോഗത്തിന്റെ പരിഗണനയ്ക്കുവരും. ഗതാഗത സംവിധാനങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനം ട്രാൻസിറ്റ് സംവിധാനങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനം (ട്രാൻസിറ്റ് ഓറിയന്റഡ് ഡവലപ്മെന്റ്) എന്ന ആശയത്തിലൂന്നിയാണ് ലാപ്പിലെ നിർദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

നിലവിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി വൈറ്റില മേൽപാലത്തിനു താഴെയുള്ള ഐലൻഡുകലുടെ ഘടനയിൽ ചില മാറ്റങ്ങൾ വരുത്തി ഗതാഗതം സുഗമമാക്കാമെന്നാണ് നിർദേശം. വാഹനങ്ങൾക്ക് തിരിയാൻ കൂടുതൽ ഇടം (ടേണിങ് റേഡിയസ്), വാഹനങ്ങൾ കടന്നുപോകുന്ന പാതകളുടെ പുനർ രൂപകല്പന, സിഗ്നലുകളുടെ റീടൈമിങ് എന്നിവയാണ് ഗതാഗതം മെച്ചപ്പെടുത്താനുള്ള പ്രധാന നിർദേശങ്ങൾ.

ജംഗ്ഷന്റെ മധ്യത്തിൽ മേൽപാലത്തിനു താഴെ വ്യത്താകൃതിയിലുള്ള ഐലന്റ് ഉൾപ്പെടെ വാഹനങ്ങൾക്ക് കടന്നുപോകുന്ന റോഡിന് അനുസൃതമായ തരത്തിൽ പുനർനിർമിക്കും. ജംഗ്ഷനിൽ വാഹനഗതാഗത്തിന് തടസ്സമില്ലാത്ത സ്ഥലത്തു പിക്ക് അപ്, ഡ്രോപ് ഓഫ് സോണുകളും ബസ് ബേകളും കൂടി സജ്ജമാക്കും.

ഇതിനൊപ്പം വൈറ്റില മൊബിലിറ്റി കോ ഓർഡിനേഷൻ സെൽ സ്ഥാപിക്കാൻ നിർദേശമുണ്ട്. കൊച്ചി കോർപറേഷൻ, ട്രാഫിക് പോലീസ്, ദേശീയപാത അതോറിറ്റി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചിൻ സ്മാർട് മിഷൻ ലിമിറ്റഡ് തുടങ്ങിയ വിവിധ ഏജൻസികളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്താനാണ് സെല്ലിന് രൂപം നൽകുന്നത്.

# എറണാകുളം–വേളാങ്കണ്ണി പ്രതിവാര സ്പെഷൽ ട്രെയിൻ അനുവദിച്ചു

കൊച്ചി: എറണാകുളം–വേളാങ്കണ്ണി റൂട്ടിൽ പ്രതിവാര സ്പെഷൽ ട്രെയിൻ റെയിൽവേ അനുവദിച്ചു.

എറണാകുളത്തുനിന്നു ബുധനാഴ്ചകളിൽ രാത്രി 11.50ന് പുറപ്പെട്ടു. പിറ്റേന്ന് വൈകിട്ട് 5.35ന് വേളാങ്കണ്ണിയിൽ എത്തും. മടക്ക ട്രെയിൻ വ്യാഴാഴ്ചകളിൽ രാത്രി 8ന് വേളാങ്കണ്ണിയിൽ നിന്നു പുറപ്പെട്ട് പിറ്റേന്ന് രാവിലെ 11.55ന് എറണാകുളത്തെത്തും. സർവീസ് ആരംഭിക്കുന്ന ദിവസം പിന്നീട് പ്രഖ്യാപിക്കും. എറണാകുളം–വേളാങ്കണ്ണി റൂട്ടിൽ ട്രെയിൻ വേണമെന്ന് ഹൈബി ഈഡൻ എംപി ഏറെക്കാലമായി ആവശ്യപ്പെടുന്നതാണ്.

വേളാങ്കണ്ണി, നാഗൂർ, ശിവകാശി, തഞ്ചാവൂർ, തിരുച്ചിറപ്പള്ളി, മധുര തുടങ്ങിയ സ്ഥലങ്ങളിലേക്ക് മതിയായ ട്രെയിന് സർവീസുകൾ ഇല്ലാതെ ഒട്ടേറെ യാത്രക്കാരാണ് ബുദ്ധിമുട്ടുന്നത്. തീർഥാടന യാത്രകൾക്കുൾപ്പെടെ പുതിയ സർവീസ് പ്രയോജനപ്പെടുമെന്ന് ഹൈബി ഈഡൻ എംപി പറഞ്ഞു.

# ബ്രഹ്മപുരത്ത് ഡയപ്പർ ഇൻസിനറേറ്റർ പ്ലാന്റ്

കൊച്ചി: ഉപയോഗിച്ച ഡയപ്പർ, സാനിറ്ററി പാഡ് എന്നിവ ശാസ്ത്രീയമായി സംസ്കരിക്കാൻ ബ്രഹ്മപുരത്തു നിർമിച്ച കമ്യൂണിറ്റി ലെവൽ ഇൻസിനറേറ്റർ പ്ലാന്റിന്റെ പ്രവർത്തനവും വാതിൽപ്പടി ശേഖരണവും കൊച്ചി മേയർ വി.കെ.മിനിമോൾ ഉദ്ഘാടനം ചെയ്തു. വാതിൽപ്പടി ശേഖരണത്തിന്റെ ഭാഗമായി സംഭരിച്ച ബയോ മെഡിക്കൽ മാലിന്യവുമായി ബ്രഹ്മപുരത്തേക്കുള്ള വാഹനം മേയർ ഫ്ളാഗ് ഓഫ് ചെയ്തു. ഡപ്യൂട്ടി മേയർ ദീപക് ജോയ് അധ്യക്ഷത വഹിച്ചു.

ആരോഗ്യ സ്ഥിരസമിതി അധ്യക്ഷ സീന ഗോകുലൻ, കോർപറേഷൻ സെക്രട്ടറി പി.എസ്.ഷിബു, സക്സസ് പ്രൊജക്റ്റ്സ് മാനേജിങ് ഡയറക്ടർ രാജീവ് കെ.നമ്പ്യാർ, ആക്രി സ്ഥാപക സിഇഒ ചന്ദ്രശേഖർ തുടങ്ങിയവർ പ്രസംഗിച്ചു.

# സിലിണ്ടർ കിട്ടാനില്ലാത്തതിനാൽ ഭൂരിഭാഗം ഹോട്ടലുകളും അടച്ചു



കൊച്ചി: വാണിജ്യ സിലിണ്ടർ വിതരണം മുടങ്ങിയതിനെ തുടർന്നുള്ള പ്രതിസന്ധി തുടരുന്നു. സിലിണ്ടർ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം ഹോട്ടലുകളും അടച്ചു. ഹോസ്റ്റലുകൾ, കാന്റീനുകൾ, ബേക്കറികൾ തുടങ്ങിയവയെ എല്ലാം പ്രതിസന്ധി ബാധിച്ചിട്ടുണ്ട്. ഭക്ഷണത്തിനായി ഹോട്ടലുകളെ ആശ്രയിക്കുന്നവർ ദുരിതത്തിലാണ്.

വാണിജ്യ സിലിണ്ടറുകളുടെ വിതരണം നിലച്ചതോടെ സ്വകാര്യ കമ്പനികൾ മൂന്നിരട്ടിയോളം വില കൂട്ടി എൽപിജി സിലിണ്ടറുകൾ വിപണിയിൽ വിൽക്കുന്നതായും പരാതിയുണ്ട്.

വൻ തുക നൽകി സ്വകാര്യ കമ്പനികളുടെ സിലിണ്ടറുകൾ വാങ്ങി ഉപയോഗിക്കേണ്ട അവസ്ഥയാണെന്ന് ഹോട്ടൽ ഉടമകൾ പറയുന്നു.

നിലവിലെ സ്ഥിതി എത്രനാൾ നീളുമെന്ന കാര്യത്തിൽ വ്യക്തത വരുത്താനും ബദൽ മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി പ്രതിസന്ധി നേരിടുന്ന മേഖലകളിലെ സംഘടനകളെ എല്ലാം വിളിച്ചു ചേർത്ത് കൂട്ടായ തീരുമാനം എടുക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്. ഹോട്ടലുകൾ നേരിടുന്ന പ്രതിസന്ധി ചർച്ച ചെയ്യാനായി കേരള ഹോട്ടൽ ആന്റ് റസ്റ്ററന്റ് അസോസിയേഷൻ ഭാരവാഹികൾ മുഖ്യമന്ത്രിയെ കണ്ടെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രതിവിധിയുണ്ടായില്ല.

# കനകധാരായാഗം ഏപ്രിൽ 17, 18, 19 തീയതികളിൽ എറണാകുളത്ത്

കൊച്ചി: ശ്രീശങ്കര ജയന്തിയോട് അനുബന്ധിച്ച് കേരള ഹിന്ദു ദേവസ്വം ബോർഡ് നടത്തുന്ന കനകധാര യാഗത്തിന്റെ ബ്രോഷർ പ്രകാശനം ചെയ്തു. ഏപ്രിൽ 17, 18, 19 തീയതികളിൽ എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിലാണ് യാഗം. 17ന് രാവിലെ ധ്വജ പ്രതിഷ്ഠ നടക്കും. 18ന് രാവിലെ 6.30ന് ആരംഭിക്കുന്ന യാഗത്തിന്റെ മുഖ്യ പുരോഹിതൻ മധുര മീനാക്ഷി ക്ഷേത്രം തന്ത്രി ശങ്കര സുബ്രഹ്മണ്യ ശിവാചാര്യയാണ്.

ഡോ. സുനിൽ പള്ളിക്കൽ, തന്ത്രി സുകുമാരൻ തന്ത്രികൾ എന്നിവരാണ് ആചാര്യന്മാർ. തിരുനെൽവേലി ത്രിപുരാന്ദേശ്വരൻ ക്ഷേത്രം മേൽശാന്തി ഭാഗ്യരാജ് ശിവാചാര്യ ഉൾപ്പെടെ 29 സഹ പുരോഹിതരുണ്ടാകുമെന്ന് കേരള ഹിന്ദു ദേവസ്വം ബോർഡ് പ്രസിഡന്റ് ടി. പങ്കജാക്ഷൻ, ജനറൽ സെക്രട്ടറി ടി.ആർ. ദേവൻ, ട്രഷറർ രതീഷ് ഹരിഹരൻ എന്നിവർ പറഞ്ഞു.

# ജീവനക്കാരുടെ ക്ഷാമംമൂലം റോഡ് സുരക്ഷ താളം തെറ്റുന്നു

കൊച്ചി: മോട്ടോർ വാഹന വകുപ്പ് ജീവനക്കാരുടെ കടുത്ത ക്ഷാമം മൂലം റോഡ് സുരക്ഷാ ഇൻ ഫോഴ്സ്മെന്റ് താളം തെറ്റുന്നു. പുതിയ തസ്തികകൾ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ധനവകുപ്പിന്റെ അനുമതി ലഭിക്കാത്തതു പ്രതിസന്ധിയാകുന്നു.

സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ എണ്ണവും റോഡ് അപകടങ്ങളും ഏറുന്ന പശ്ചാത്തലത്തിൽ നിയന്ത്രണ ഉദ്യോഗസ്ഥരുടെ ക്ഷാമം സൃഷ്ടിക്കുന്ന പ്രതിസന്ധി ചെറുതല്ല.

വകുപ്പിന്റെ ജോലി ഭാരം കണക്കിലെടുത്ത് 259 പുതിയ തസ്തികകൾ (മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ–92, അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ –167) സൃഷ്ടിക്കാൻ 2016 ജനുവരി 29ന് ട്രാൻസ്പോർട്ട് കമ്മിഷണർ ശുപാർശ നൽകിയിരുന്നു. ധനകാര്യ വകുപ്പിന്റെ നിർദേശപ്രകാരം എണ്ണം പകുതിയായി വെട്ടിക്കുറച്ചു.

ഉദ്യോഗസ്ഥരുടെ ക്ഷാമം മൂലം 2019ൽ ആരംഭിച്ച സേഫ് കേരള പദ്ധതിയുടെ നടത്തിപ്പും പ്രതിസന്ധിയിലാണ്. എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥരെ കൊണ്ട് ഓഫീസുകളിലെ ജോലി ചെയ്യിപ്പിച്ചാണ് വകുപ്പിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

ഡ്രൈവിങ് ടെസ്റ്റ് നടത്താനും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കുന്നുണ്ട്.

# വിപ്രോ ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സ് ബ്രേക്ക് ഫാസ്റ്റ് ശ്രേണി പുറത്തിറക്കി

**സ്വന്തം ലേഖകൻ**




കൊച്ചി: 10 മിനിറ്റിൽ കേരളത്തനിമയുള്ള റെഡി ടു കുക്ക് പ്രഭാത ഭക്ഷണങ്ങളുമായി വിപ്രോ ബ്രാഹ്മിൻസ്. ഇഡ്ഡലി, ദോശ, ഉപ്പുമാവ്, പോഹ, റവദോശ, റവ ഇഡലി, റാഗി ഇഡ്ഡലി തുടങ്ങിയവയാണ് ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സിൽ പുറത്തിറക്കിയത്. പരമ്പരാഗത രുചിയും വിശ്വസനീയമായ ചേരുവകളും വേഗത്തിലും സൗകര്യപ്രദവുമായ ഫോർമാറ്റിൽ സംയോജിപ്പിച്ച് എളുപ്പമുണ്ടാക്കാമെന്നതാണ് ഇതിന്റെ പ്രത്യേകതയെന്ന് നിറപറ ആന്റ് ബ്രാഹ്മിൻസ് ബിസിനസ് ഹെഡ് സണ്ണി തോമസ് പറഞ്ഞു.

പോഹയും ഉപ്പുമാവും വെറും മൂന്ന് മിനിറ്റിനുള്ളിൽ തയാറാക്കാൻ കഴിയും. മറ്റ് ഉല്പന്നങ്ങൾ 10 മിനിറ്റിനകം പ്രിസർവേറ്റീവുകളില്ലാത്ത ഫോർമുലേഷനുകളാണ് പിന്തുടർന്നതെന്നും കമ്പനി അറിയിച്ചു.

നാലു പതിറ്റാണ്ടുകളായി, 100% സസ്യാഹാര ഉല്പാദനം മാത്രമുള്ള കേന്ദ്രത്തിലെ ഉല്പാദനത്തിന്റെ പിന്തുണയോടെയാണ് ബ്രേക്ക് ഫാസ്റ്റ് പായ്ക്കിങ്, ഇഡ്ലി, ദോശ പായ്ക്കുകൾക്ക് (200 ഗ്രാം) 75–80 രൂപയും പോഹ, ഉപ്പുമാവ് പായ്ക്കുകൾക്ക് (60 ഗ്രാം) 30–40 രൂപയുമാണ് വില. കർണാടകയിലും കേരളത്തിലും പൊതുവിപണിക്കൊപ്പം ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്. ദേശീയതലത്തിൽ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴിയും ലഭ്യമാണ്.

# ഫെഡറൽ ബാങ്ക് ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം അവതരിപ്പിച്ചു

കൊച്ചി: ആസ്തികളിൽ നിന്നുള്ള ലാഭം സുരക്ഷിത നിക്ഷേപമാക്കാനുള്ള ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു.

ആസ്തികളുടെ വില്പനയിലൂടെയോ കൈമാറ്റത്തിലൂടെയോ ലഭിക്കുന്ന തുക നിക്ഷേപിക്കാവുന്ന അക്കൗണ്ടാണിത്. ഘട്ടംഘട്ടമായി തുക പിൻവലിക്കാവുന്ന സേവിങ്സ് അക്കൗണ്ട് (ടൈപ്പ് എ) ആയും കാലാവധിക്ക് ശേഷം പിൻവലിക്കാവുന്ന ഡിപ്പോസിറ്റ് അക്കൗണ്ട് (ടൈപ്പ് ബി) ആയും ഇടപാടുകാർക്ക് നിക്ഷേപിക്കാം. നിക്ഷേപകർക്ക് ആദായ നികുതിയിലെ നിയമാനുസൃത ഇളവുകൾ ലഭ്യമാണ്.

ഇടപാടുകാർക്ക് സൗകര്യപ്രദമായ നിക്ഷേപങ്ങൾ നടത്താൻ അവസരമൊരുക്കുകയാണ് സ്കീം അവതരിപ്പിച്ചതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും കൺട്രി ഹെഡുമായ ജോയ് പി.വി. പറഞ്ഞു. മറ്റു പദ്ധതികളിൽ നിക്ഷേപിക്കുന്നതു വരെ പലിശ നേടുന്നതിനൊപ്പം ആദായനികുതി വകുപ്പിന്റെ നിബന്ധനകൾക്കനുസൃതമായി ടാക്സ് ഇളവുകൾ നേടാനും പര്യാപ്തമാക്കുന്നതാണ് ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2025 നവംബർ 19-ലെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം, ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഫെഡറൽ ബാങ്കിന് അനുമതി ലഭിച്ചിരുന്നു. 2026 മാർച്ച് 13 മുതലാണ് പദ്ധതി പ്രാബല്യത്തിലാക്കിയത്.

വ്യക്തികൾ, അവിഭക്ത ഹിന്ദു കുടുംബങ്ങൾ (എച്ച്യുഎഫ്), പ്രായപൂർത്തിയാകാത്തവർ, പ്രവാസികൾ എന്നിവർക്ക് സ്കീമിനു കീഴിൽ അക്കൗണ്ട് തുടങ്ങാം. നിലവിലുള്ളവർക്കു പുറമെ പുതിയ ഇടപാടുകാർക്കും പദ്ധതി ലഭ്യമാണ്.

ഗ്രാമീണ ശാഖകളൊഴികെയുള്ള തങ്ങളുടെ എല്ലാ ശാഖകളിലും അക്കൗണ്ട് സ്കീം ലഭ്യമാണെന്നും ഫെഡറൽ ബാങ്ക് അറിയിച്ചു.

# ആയുർടെക് പദ്ധതിയുമായി കുറിച്ചിയിൽ ആയുർവേദ

കൊച്ചി: ആയുർവേദത്തെ എഐ സാങ്കേതിക വിദ്യയുമായി സമന്വയിപ്പിച്ച് രോഗങ്ങൾ മുൻകൂട്ടി കണ്ടെത്താനും പ്രതിരോധിക്കാനും ആയുർടെക് പദ്ധതി കുറിച്ചിയിൽ ആയുർവേദ ആരംഭിച്ചു. ഇടുക്കിയിലെ കരിമ്പനിൽ ആരംഭിച്ച പദ്ധതിയിൽ 3 ഘട്ടങ്ങളിലായി 250 കോടി രൂപയുടെ നിക്ഷേപം നടത്തും.

സ്ഥാപനത്തിലെത്തുന്നവർക്ക് മുഴുവൻ സമയവും ധരിക്കാനുള്ള ഹെൽത്ത് ട്രാക്കിങ് സംവിധാനം നൽകും. ഇതുവഴി 20,000 രോഗാവസ്ഥകളുമായി ബന്ധപ്പെട്ട 1.3 ദശലക്ഷത്തിലേറെ വ്യത്യസ്ത പാറ്റേണുകൾ നിർമിത ബുദ്ധിയിലൂടെ വിശകലനം ചെയ്യാം. വ്യക്തികളുടെ ആരോഗ്യത്തെ തത്സമയം നിർദേശങ്ങൾ നൽകാനും ഇതുവഴി സാധിക്കുമെന്ന് കുറിച്ചിയിൽ ആയുർവേദ ഡയറക്ടർമാരായ ഡോ. ജിതിൻ ജെ. കുറിച്ചിയിൽ, ഡോ. അമ്മു മാത്യു എന്നിവർ പറഞ്ഞു.

വായിക്കുക...
വരിക്കാരാവുക...
പ്രചരിപ്പിക്കുക...

മാർക്കറ്റിംഗ് ഫീച്ചറുകൾക്കും പരസ്യ അന്വേഷണങ്ങൾക്കും ബന്ധപ്പെടുക

മാനേജർ, കൊച്ചിൻ പത്രിക
നോർത്ത് പാലാതുരുത്തി ഫസ്റ്റ് സ്ട്രീറ്റ്
കലൂർ പി.ഒ., കൊച്ചി – 682 017
ഫോൺ : +91 484 – 2338268, 3917321
ഫാക്സ് : +91 484 2402389
മൊബൈൽ : +91 9447090041
Website : www.kochinpathrika.com
E-mail : mail@kochinpathrika.com
kochinpathrika1@rediffmail.com

# മാരാകണ്ടത്തിൽ ജോർജ് ഇട്ടൻ ഇസാഫ് ബാങ്ക് നോൺ-എക്സിക്യൂട്ടീവ് ഡയറക്ടർ



കൊച്ചി: തൃശ്ശൂർ ആസ്ഥാനമായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ നോൺ-എക്സിക്യൂട്ടീവ് ഡയറക്ടറായി മാരാകണ്ടത്തിൽ ജോർജ് ഇട്ടനെ നിയമിച്ചു. യുഎഇ, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇട്ടൻ ആൻഡ് സുജി ഹോൾഡിംഗ് കമ്പനിയുടെ കീഴിലെ എസ്റ്റി ഗ്രൂപ്പ് ഓഫ് കമ്പനികളുടെ സ്ഥാപകനും സിഇഒയുമാണ് ജോർജ് ഇട്ടൻ. ആർകിടെക്ചറൽ സ്ഥാപനമായ റൈസ് പെരി എലിസ് ആൻഡ് പാർട്ണേഴ്സിൽ ടീം ലീഡറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബിസിനസ് മാനേജ്മെന്റ്, ലീഡർഷിപ്പ്, ബിസിനസ് വിപുലീകരണം എന്നിവയിൽ ദീർഘനാളത്തെ അനുഭവസമ്പത്ത് അദ്ദേഹത്തിനുണ്ട്. സിവിൽ എഞ്ചിനീയറായ ജോർജ് ഇട്ടന്റെ നേതൃത്വഗുണങ്ങളും പ്രൊഫഷണൽ പരിജ്ഞാനവും ബാങ്കിന്റെ ബിസിനസ് പ്രവർത്തനങ്ങളുടെ സുസ്ഥിര വളർച്ചയ്ക്ക് ഗുണപരമായ സംഭാവന നൽകുമെന്ന് ഇസാഫ് ബാങ്ക് അറിയിച്ചു.

# ട്രക്ക് ഗതാഗതം സുഗമമാക്കാൻ എസ്-9 ആപ്പ്

കൊച്ചി: 40 ലക്ഷം ട്രക്കുകളും 17 ലക്ഷം കോടി വിറ്റുവരവുമുള്ള ഇന്ത്യയുടെ ട്രക്ക് ഗതാഗതം സുഗമമാക്കാൻ മലയാളിയുടെ സംരംഭം. ഹൈദരാബാദ് ആസ്ഥാനമായ സിബി മൈനിങ് ആന്റ് ഇൻഫ്രാസ്ട്രക്ചർ, സിബിലോജിസ്റ്റിക്സ് എന്നിവയുടെ മാനേജിങ് ഡയറക്ടറായ സിബി എം. ലൂക്കോസാണ് ചരക്കുനീക്കം അനായാസമാക്കാനും സ്ഥാപനങ്ങളുടെ ചെലവ് കുറയ്ക്കാനുമുള്ള എസ്-9 ആപ് ലോഞ്ച് ചെയ്തത്. എഐ അധിഷ്ഠിത ആപ്പിലൂടെ ഇതുവരെ 10,00 ട്രക്കുകൾ രജിസ്റ്റർ ചെയ്തതായി സിബി പറഞ്ഞു. ഉപയോക്താക്കൾ, ട്രക്ക് ഉടമകൾ, ഡ്രൈവർമാർ എന്നിവരെ ഒരേ ഡിജിറ്റൽ പ്ലാറ്റ്ഫോമിലെത്തിച്ച് ചരക്കു ഗതാഗതം സുതാര്യവും കാര്യക്ഷമമാക്കാനും കഴിയും. ഡെലിവറി, ട്രാക്കിങ്, പേയ്മെന്റ് സംവിധാനങ്ങളെല്ലാം ഇതിലുണ്ട്. പ്ലേസ്റ്റോറിലും ആപ് സ്റ്റോറിലും ലഭ്യമാണ്.

# പ്രിയദർശന്റെ നൂറാമതു ചിത്രത്തിൽ മോഹൻലാൽ നായകൻ




പൂച്ചക്കൊരു മൂക്കുത്തി എന്ന സിനിമയിലൂടെ സംവിധായകനായി അരങ്ങേറ്റം കുറിച്ച പ്രിയദർശൻ തന്റെ നൂറാമത്തെ ചിത്രമൊരുക്കുവാൻ പോകുന്നു. മലയാള സിനിമയിൽ വിജയ ചിത്രങ്ങൾ ഒരുക്കിപ്പോരുന്നതിനിടയിലാണ് ബോളിവുഡ്ഡിലേക്കും പ്രിയദർശൻകടന്നുവന്നത്.

ബോളിവുഡ്ഡിലെ സൂപ്പർ താരങ്ങളെ അണിനിരത്തി പ്രിയദർശന് ചിത്രങ്ങൾ ഒരുക്കുവാൻ കഴിഞ്ഞു. ഒരു ദക്ഷിണേന്ത്യൻ സംവിധായകനും ലഭിക്കാത്ത രീതിയിലാണ് ഹിന്ദി സിനിമാ രംഗം പ്രിയദർശനെ സ്വീകരിച്ചത്. ഹിന്ദിയിലൊരുക്കിയ ചിത്രങ്ങളിൽ ബഹു ഭൂപരിപക്ഷവും മികച്ച വിജയം നേടിയതും പ്രിയദർശന് ബോളിവുഡ്ഡിൽ വലിയ സ്വീകാര്യത ലഭിക്കാൻ കാരണമായി.

ഇപ്പോഴിതാ തന്റെ നൂറാമത്തെ ചിത്രം ഒരുക്കുന്നു. മോഹൻലാലാണ് ചിത്രത്തിലെ നായകൻ. തന്റെ ആദ്യ ചിത്രമായ പൂച്ചക്കൊരു മൂക്കുത്തിയിലെ നായകനും മോഹൻലാലായിരുന്നു. ആദ്യ ചിത്രത്തിലേയും, നൂറാമതു ചിത്രത്തിലേയും നായകൻ ഒരാൾ തന്നെയാകുന്നത് അപൂവ്വങ്ങളിൽ അപൂർവ്വമായ സംഭവമാണ്.

ഇതൊരു വേൾഡ് റെക്കാർഡാണ്. ഇതാരും തിരുത്താനും സാധ്യത കുറവാണ്. താൻ തിരക്കഥ എഴുതിയ ചിത്രത്തിങ്ങളിലെ നായകനും മോഹൻലാൽ ആയിരുന്നുവെന്ന് പ്രിയദർശൻ വ്യക്തമാക്കി. പ്രിയദർശൻ – മോഹൻലാൽ കോമ്പിനേഷൻ പ്രേക്ഷകർക്ക് ഏറെ കൗതുകം നൽകുന്നതാണ്.

ആ പ്രതീക്ഷകൾക്കൊപ്പം തന്നെയായിരിക്കും ഈ ചിത്രവും എന്നു നിസ്സംശയം പറയാം. ഒരു മ്യൂസിക്കൽ ഡ്രാമ ചിത്രമായിരിക്കുമിതെന്ന് പ്രിയദർശൻ വ്യക്തമാക്കി. ആക്ഷനും നല്ല പ്രാധാന്യമുണ്ടാകും. കുടുംബ പ്രേഷകർക്കൊപ്പം നിൽക്കുന്ന ഒരു ക്ളീൻ എന്റർടൈനർ എന്നാണ് പ്രിയദർശൻ പറഞ്ഞത്. ആശീർവ്വാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂരാണ് ഈ ചിത്രം നിർമ്മിക്കുന്നത്. ആശിർവ്വാദിന്റെ മുപ്പത്തി ഒമ്പതാമത്തെ ചിത്രമാണിത്. രണ്ടായിരത്തി ഇരുപത്തിയാറിൽത്തന്നെ ഈ ചിത്രത്തിന്റെ ചിത്രീകരണം ആരംഭിക്കുമെന്ന് ആന്റണി പെരുമ്പാവൂർ പറഞ്ഞു.




ജീത്തു ജോസഫ് രചനയും സംവിധാനവും നിർവഹിക്കുന്ന ദൃശ്യം 3 ആശീർവ്വാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമ്മിക്കുന്നു.

പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്നതാണ് ജോർജ് കുട്ടിയേയും കുടുംബത്തേയും. അവധിക്കാലം ആഘോഷിക്കാനും, ഈസ്റ്റർ, വിഷു ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുവാനുമായി ഏപ്രിൽ ആദ്യവാരത്തിൽ റിലീസ് ചെയ്യാനുള്ള ഒരുക്കത്തിലായിരുന്നു അണിയറ പ്രവർത്തകർ. അതിനനുസരിച്ചുള്ള പോസ്റ്റ് പ്രൊഡക്ഷൻസ് ജോലികളും ഏതാണ്ട് പൂർത്തിയായി കഴിഞ്ഞിരുന്നതാണ്.

ജോർജുകുട്ടിയുടെ കുടുംബാംഗങ്ങളെ പ്രതിനിധീകരിക്കുന്ന മീന. അൻസിബ, എസ്തർ അനിൽ എന്നിവരും നിരവധി താരങ്ങളും ചിത്രത്തിലുണ്ട്. ജോർജ് കുട്ടിയേയും കുടുംബത്തേയും വരവേൽക്കാനുള്ള ആവേശത്തിലാണ് ആരാധകരും പ്രേക്ഷകരും.

**– ജോളി സൈമൺ**




നീരജ് മാധവും അൽത്താഫ് സലീമും പ്രധാന വേഷങ്ങളിലെത്തുന്ന സയൻസ് ഫിക്ഷൻ ഏലിയൻ കോമഡി ചിത്രം പ്ലൂട്ടോ തിയ്യറ്ററിലേക്ക്.

ആദിത്യൻ ചന്ദ്രശേഖർ സംവിധാനം ചെയ്യുന്ന ഈ ചിത്രം ഒരു കംപ്ലീറ്റ് ഫൺ എന്റർടെയ്നർ ആണ്.

അർഷ ബൈജു, അജു വർഗീസ്, ദിനേശ് പ്രഭാകർ, വിനീത് തട്ടിൽ, സുബിൻ ടാർസൻ, നിഹാൽ, സഹീർ മുഹമ്മദ്, തുഷാര പിള്ള, സച്ചിൻ ജോസഫ്, നിമ്ന ഫത്തൂമി എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. ഓർക്കിഡ് ഫിലിംസ് ഇന്റർനാഷണലിന്റെ ബാനറിൽ രെജു കുമാർ, രശ്മി രെജു എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്.

മനുഷ്യ ലോകത്തേക്ക് എത്തുന്ന ഒരു ഏലിയനും അതിനെ ചുറ്റിപ്പറ്റിയുള്ള അബദ്ധങ്ങളും തമാശകളുമാണ് ചിത്രത്തിന്റെ മുഖ്യ വിഷയം.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- ജയകൃഷ്ണൻ ആർ കെ,ഛായാഗ്രാഹണം-വിഷ്ണു ശർമ്മ. കഥ തിരക്കഥ- നിയാസ് മുഹമ്മദ്, സംഗീതം- അർക്കാഡോ, എഡിറ്റർ- സനത് ശിവരാജ്,ക്രിയേറ്റീവ് പ്രൊഡ്യൂസർസ്- അനന്തു സുരേഷ്, കിഷോർ ആർ കൃഷ്ണൻ,ചീഫ് അസ്സോസി യേറ്റ് ഡയറക്ടർ- അർജ്ജുനൻ, അസ്സോസിയേറ്റ് ഡയറക്ടർ-നൗഫൽ സലിം, പ്രൊഡക്ഷൻ കൺട്രോളർ- ജാവേദ് ചെമ്പ്.

ഈ നേട്ടം കൊച്ചിൻ പത്രികയ്ക്ക് മാത്രം സ്വന്തം!!!

29 വർഷം കൊണ്ട് 100% വളർച്ച!

കൊച്ചിൻ പത്രിക എന്നും
കൊച്ചി നഗരത്തിന്റെ കുതിപ്പിനൊപ്പം!

വായനക്കാരും പരസ്യം നൽകുന്നവരും
ഒരേ സമയം അംഗീകരിക്കുന്നു
നഗരസ്പന്ദനങ്ങളുടെ നേർചിത്രം, കാണാൻ
കൊച്ചിൻ പത്രിക വായിക്കൂ!

| പരസ്യ നിരക്ക് | | വരിസംഖ്യാ നിരക്ക് | |
|---|---|---|---|
| Col. cm | : Rs. 200/- | Yearly | : Rs. 120/- |
| Classified | : Rs. 100/- | Life Subscription | : Rs. 1800/- |

Colour : Rs. 400/-

സ്ഥിരം ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
കൊച്ചിൻ പത്രിക സൗജന്യമായി നൽകുന്നു

# ആണുങ്ങൾക്കുമുണ്ട് അന്തസ്സും വ്യക്തിത്വവും: ഹൈക്കോടതി

**സ്വന്തം ലേഖകൻ**




കൊച്ചി: അന്തസ്സും ആത്മാഭിമാനവും വ്യക്തിത്വവും സ്ത്രീക്കു മാത്രമല്ല പുരുഷനുമുണ്ടെന്നു ഹൈക്കോടതി. വിവാഹിതയായിരിക്കെ കാമുകനിൽ നിന്ന് ഗർഭം ധരിച്ച് പിറന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരുമാറ്റാൻ അനുവദിക്കണമെന്ന ആവശ്യം അനുവദിച്ച ഉത്തരവിലാണ് ജസ്റ്റിസ് പി. വി. കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം.

തൃശ്ശൂർ സ്വദേശിയായ യുവതിയും ഭർത്താവുമായിരുന്നു ഹർജിക്കാർ. എന്നാൽ ഹർജിക്കാരുടെ ആവശ്യം പരിഗണിച്ചല്ല, കുട്ടിയുടെ ഭാവിയും ആദ്യ ഭർത്താവിന്റെ മാന്യതയും പരിഗണിച്ചാണ് മാറ്റം അനുവദിക്കുന്നതെന്നും കോടതി പറഞ്ഞു.

വിവാഹ ബന്ധം നിലനിൽക്കെ 2017ൽ കാമുകനിൽ പിറന്ന പെൺകുഞ്ഞിന്റെ ജനന സർട്ടിഫിക്കറ്റിൽ ഭർത്താവിന്റെ പേരായിരുന്നു പിതാവിന്റെ സ്ഥാനത്ത് രേഖപ്പെടുത്തിയത്.

കുട്ടിയുടെ പിതാവ് താനാണെന്നാണ് 6 വർഷത്തോളം ഭർത്താവ് കരുതിയത്. വിവാഹ ബന്ധത്തിലെ അസ്വാരസ്യത്തെ തുടർന്നു. 2023ൽ ഉഭയസമ്മത പ്രകാരം ഇരുവരും വിവാഹ ബന്ധം വേർപ്പെടുത്തി. തുടർന്ന് യുവതി കാമുകനെ വിവാഹം കഴിച്ചു.

പിന്നീട് ആദ്യ ഭർത്താവിനെ അറിയിക്കാതെ, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിലെ പേരു മാറ്റി ഇപ്പോഴത്തെ ഭർത്താവിന്റെ പേര് ചേർക്കണമെന്ന ആവശ്യവുമായാണ് ഹർജി നൽകിയത്. എന്നാൽ, ആദ്യ ഭർത്താവിനെയും കക്ഷിയാക്കാൻ കോടതി നിർദേശിച്ചു.

ആറു വർഷത്തോളം തന്റെ കുട്ടിയാണെന്ന് കരുതിയ കുഞ്ഞിന്റെ ജനന സർട്ടിഫിക്കറ്റിൽ നിന്നു പേര് മാറ്റാൻ എതിർപ്പില്ലെന്നാണ് ആദ്യ ഭർത്താവ് അറിയിച്ചത്.

മാന്യമായ ഈ സമീപനവും കുട്ടിയുടെ ഭാവിയും കരുതിയാണ് ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരിൽ മാറ്റം വരുത്താൻ അനുമതി നൽകുന്നതെന്ന് കോടതി വ്യക്തമാക്കി.

# ജിഎസ്ടി അടയ്ക്കുന്നതിൽ ഏപ്രിൽ 1 മുതൽ മാറ്റങ്ങൾ




തിരുവനന്തപുരം; അടുത്ത സാമ്പത്തിക വർഷം പുതുതായി കോംപോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന നികുതിദായകർ ഈ മാസം 31ന് മുമ്പ് ഓപ്ഷൻ നൽകണമെന്ന് ജിഎസ്ടി വകുപ്പ് അറിയിച്ചു. നിലവിൽ കോംപോസിഷൻ സ്കീമിലുള്ളവർ ഇനി ഓപ്ഷൻ നൽകേണ്ട. അടുത്ത വർഷം മുതൽ തുടർ സീരിസിലെ ഇൻവോയ്സുകളാണ് ഉപയോഗിക്കേണ്ടത്. 2017-18 മുതൽ 2025-26 വരെ ഏതെങ്കിലുമൊരു വർഷം ആകെ വാർഷിക വിറ്റുവരവ് 5 കോടി രൂപ കടന്നിട്ടുണ്ടെങ്കിൽ എല്ലാ ബിസിനസ് ടു ബിസിനസ് ഇടപാടുകളിലും ഇ-ഇൻവോയിസിങ് ഉറപ്പാക്കണം. ഇല്ലെങ്കിൽ ഇൻപുട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാകില്ല. ശിക്ഷാ നടപടികളും നേരിടണം. ജിഎസ്ടി 1/3 ബി റിട്ടേണുകൾ ഫയൽ ചെയ്യുന്നവർ ത്രൈമാസ റിട്ടേൺ ഫയലിങ് സ്കീമായ ക്യൂആർഎംപി ആദ്യ പാദം മുതൽ തന്നെ പ്രയോജനപ്പെടുത്താനുള്ള സൗകര്യം ഏപ്രിൽ 30 വരെ ജിഎസ്ടി പോർട്ടലിൽ ലഭ്യമാണ്.

ഐജിഎസ്ടി അടയ്ക്കാതെ വിദേശത്തേക്കോ സെസ് യൂണിറ്റുകളിലേക്കോ കയറ്റുമതി ചെയ്യുന്നവർ ഓരോ സാമ്പത്തിക വർഷവും കയറ്റുമതിക്ക് മുൻപ് ലെറ്റർ ഓഫ് അണ്ടർടേക്കിങ് ഫയൽ ചെയ്യണം. ഇതിനുള്ള സൗകര്യം ഏപ്രിൽ 1 മുതൽ ജിഎസ്ടി കോമൺ പോർട്ടലിൽ ലഭ്യമാക്കും. ജിഎസ്ടി രജിസ്ട്രേഷനുള്ള ട്രാൻസ്പോർട്ട് ഏജൻസികൾ ഏപ്രിൽ 1 മുതൽ ജിഎസ്ടി ഫോർവേഡ് ചാർജായാണ് അടയ്ക്കുന്നതെങ്കിൽ അനുബന്ധം 5 ഫയൽ ചെയ്യുന്നിനുള്ള അവസാന തീയതി ഈ മാസം 31 ആണ്. റിവേഴ്സ് ചാർജാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അനുബന്ധം 6 ഫയൽ ചെയ്യണം. ഈ വർഷം ഹോട്ടൽ താമസ സേവനം നൽകുന്നവർ ഒരു മുറിക്ക് ഒരു ദിവസം 7,500 രൂപയിൽ കൂടുതൽ തുക വാടകയിനത്തിൽ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത്തരം സ്ഥാപനത്തിലെ റസ്റ്റാറന്റ് സേവനത്തിന് ഏപ്രിൽ 1 മുതൽ 18% ജിഎസ്ടി അടയ്ക്കണമെന്നും ജിഎസ്ടി വകുപ്പ് അറിയിച്ചു.

# മണൽ കടത്തുന്നവർക്ക് എതിരെ മോഷണക്കുറ്റം ചുമത്തണം



കൊച്ചി: പുഴയിൽനിന്നു മണൽ വാരിക്കടത്തുന്ന കേസുകളിൽ പ്രതികൾക്കെതിരെ നദിതീര സംരക്ഷണ, മണൽവാരൽ നിയന്ത്രണ നിയമ പ്രകാരമുള്ള കുറ്റങ്ങൾക്ക് പുറമേ, ബിഎൻഎസ് പ്രകാരം മോഷണക്കുറ്റവും ചുമത്താൻ തടസ്സമില്ലെന്ന് ഹൈക്കോടതി. സ്പെഷൽ നിയമത്തിനൊപ്പം ജനറൽ നിയമപ്രകാരം കേസെടുക്കാൻ കഴിയില്ലെന്നു മുൻപ് ഇത്തരം കേസിൽ സ്വീകരിച്ച നിലപാട് തെറ്റിപ്പോയെന്ന് വ്യക്തമാക്കിയാണ് ജസ്റ്റിസ് കൗസർ എടപ്പഗത്തിന്റെ തിരുത്തൽ നടപടി.

മണൽ നിയമത്തിൽതന്നെ മറ്റു നിയമപ്രകാരം കേസെടുക്കാൻ അനുവദിക്കുന്ന വ്യവസ്ഥയുള്ളതും സുപ്രീം കോടതിയുടെ മുൻ ഉത്തരവുകളും ശ്രദ്ധയിൽപെടാതെ പോയതുകൊണ്ടാണ് മുൻപ് ഇങ്ങനെയുള്ള പിഴവുണ്ടായതെന്ന് കോടതി വ്യക്തമാക്കി.

നദീതീര സംരക്ഷണ നിയമപ്രകാരം മണൽവാരൽ പിഴ ഈടാക്കാവുന്ന ജാമ്യം കിട്ടുന്ന കേസാണ്. എന്നാൽ ബിഎൻഎസ് പ്രകാരം പൊതുമുതൽ മോഷണത്തിനുൾപ്പെടെ കേസ് എടുത്താൽ സ്റ്റേഷൻ ജാമ്യം ബുദ്ധിമുട്ടാകും എന്നതാണ് വിധിയുടെ പ്രസക്തി.

മണൽ കടത്തു കേസുകളിലെ പ്രതികൾ നൽകിയ ഒരു കൂട്ടം മുൻകൂർ ജാമ്യഹർജികൾ പരിഗണിച്ചാണ് കോടതി ഈ നിയമ പ്രശ്നം തീർപ്പാക്കിയത്.

3 കേസുകളിൽ പ്രതികൾക്ക് മുൻകൂർ ജാമ്യം അനുവദിച്ച് കോടതി, മറ്റു 2 കേസുകളിൽ മുൻകൂർ ജാമ്യം നിഷേധിച്ചു.

# അവശ കലാകാര പെൻഷൻ വിതരണം തടസ്സപ്പെട്ടു



തിരുവനന്തപുരം: സംസ്ഥാനത്തെ സിനിമ തിയ്യറ്റുകളിൽ നിന്ന് സാംസ്കാരിക ക്ഷേമനിധി ബോർഡിലേക്ക് ലഭിക്കേണ്ട സെസ് തുകയിൽ 5 കോടിയിലേറെ രൂപ കുടിശികയായതോടെ അവശ കലാകാരന്മാരുടെ പെൻഷൻ വിതരണം പ്രതിസന്ധിയിലേക്ക്. സംസ്ഥാനത്തെ 120 ഓളം സ്ക്രീനുകളാണ് സെസ് തുക അടയ്ക്കാത്തത്. ടിക്കറ്റൊന്നിന് 3 രൂപ വീതം തിയറ്ററുകൾ സെസ് ഈടാക്കുന്നുണ്ടെങ്കിലും ഇത് ക്ഷേമനിധിയിലേക്ക് അടയ്ക്കുന്നില്ല. 80 വയസ്സ് പിന്നിട്ട 4,500 കലാകാരന്മാർക്ക് 4,000 രൂപയിൽ നിന്ന് 5,000 രൂപയായി വർധിപ്പിച്ച സൂപ്പറാന്വേഷൻ പെൻഷനും 1,600 രൂപ വീതമുള്ള കുടുംബ-അവശതാ പെൻഷനുകളും നൽകാൻ കഴിയാത്ത സ്ഥിതി വരും. മാസംതോറും കുറഞ്ഞതു 2.5 കോടി രൂപയെങ്കിലും പെൻഷൻ വിതരണത്തിനു മാത്രം വേണ്ടിവരും.

കുടിശിക ഗഡുക്കളായി അടയ്ക്കാനും കോടതി അനുമതി നൽകി. തുക പൂർണമായും അടച്ചുതീർക്കാത്ത തിയ്യറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകരുതെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്നും കോടതിയുടെ നിർദേശമുണ്ട്.

മാരകരോഗങ്ങൾ പിടിപെട്ട കലാകാരന്മാർക്ക് ചികിത്സാ സഹായമായി നൽകുന്ന 2 ലക്ഷം രൂപയും സെസ് തുകയിൽ നിന്നാണ് കണ്ടെത്തുന്നത്. അടിയന്തര ഇടപെടലുകൾ ഉണ്ടാകുന്നില്ലെങ്കിൽ വാർധക്യകാലത്തു പെൻഷനെ മാത്രം ആശ്രയിച്ചു കഴിയുന്ന ആയിരക്കണക്കിന് കലാകാരന്മാരുടെ ജീവിതം ദുരിതത്തിലാകും.

# അറ്റ്കോസ് സ്ഥാപന ഉടമകൾ അറസ്റ്റിൽ

**പ്രത്യേക ലേഖകൻ**



അഗ്രികൾചറൽ ടൂറിസം മേഖലയിൽ പണം നിക്ഷേപിച്ചു ലാഭം നൽകാമെന്നു വാഗ്ദാനം നൽകി നൂറു കണക്കിന് ആളുകളിൽ നിന്നു നിക്ഷേപം സ്വീകരിച്ച്. 100 കോടിയിലധികം രൂപ തട്ടിച്ചു മുങ്ങിയ അറ്റ്കോസ് ഡയറക്ടർമാർ അറസ്റ്റിൽ. തൃശ്ശൂർ എൽത്തുരുത്ത് ലാലൂർ റോഡ് പറത്തല വീട്ടിൽ മുരളീധരൻ (62), മക്കളായ ആഷിക് മുരളി (32), അഖിൽ മുരളി (35) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.

കളമശ്ശേരി പത്തടിപ്പാലം ആസ്ഥാനമായി, മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത അഗ്രി ടൂറിസം, കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (അറ്റ്കോസ്) കേരളത്തിൽ 13 ശാഖകളും കോയമ്പത്തൂരിൽ ഒരു ശാഖയുമുണ്ട്. നിക്ഷേപകർക്ക് പണം തിരികെ ലഭിക്കാതെ വന്നപ്പോൾ കമ്പനിയെ സമീപിച്ചെങ്കിലും പണമോ ലാഭവിഹിതമോ നൽകിയില്ല. സ്ഥാപനത്തിനെതിരെ 32 പോലീസ് സ്റ്റേഷനുകളിലായി 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കളമശ്ശേരി പോലീസ് സ്റ്റേഷനിൽ മാത്രം 29 കേസുണ്ട്.

പണം നഷ്ടപ്പെട്ടവർ ചേർന്ന് ഉണ്ടാക്കിയ വാട്സാപ് കൂട്ടായ്മയിൽ പ്രതികളുടെ തന്നെ ആൾക്കാരെ ഉൾപ്പെടുത്തുകയും ഇതു വഴി കേസ് വിവരങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പ്രതികൾ ഹൈക്കോടതിയിൽ നിന്ന് അറസ്റ്റ് തടയാനുള്ള ഉത്തരവ് വാങ്ങിയിരുന്നു. ഈ ഉത്തരവ് കോടതി പിൻവലിച്ചതോടെ പ്രതികൾ ഒളിവിൽപ്പോയി. തൃശ്ശൂർ അമലനഗറിലുള്ള അപ്പാർട്ട്മെന്റിൽ രഹസ്യമായി വാടകയ്ക്ക് കഴിഞ്ഞ പ്രതികളെ പ്രത്യേക അന്വേഷണ സംഘമാണ് പിടികൂടിയത്. ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്. ഓഫീസ് റെയ്ഡ് ചെയ്ത് രേഖകൾ പോലീസ് പിടിച്ചെടുത്തു.

ഇൻസ്പെക്ടർ ടി.ദിലീഷ്, എസ്ഐമാരായ സനീഷ്, അനിൽകുമാർ, എഎസ്ഐ ഫിലോമിന, സിവിൽ പോലീസ് ഓഫീസർമാരായ പ്രദീപ്, കലേഷ്, വിനു. നിഷാദ് നെപ്പോളിയൻ, മാഹിൻ അബൂബക്കർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ■

# ചുമട്ടുതൊഴിലാളി ക്ഷേമനിധി ഓഫീസ് ഉപരോധിച്ചു

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൂറു കോടി രൂപ കൂടി കടമെടുക്കാൻ തീരുമാനിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഐഎൻടിയുസി ചുമട്ടു തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ ക്ഷേമനിധി ഓഫീസ് ഉപരോധിച്ചു.



*ചുമട്ടുതൊഴിലാളി ക്ഷേമനിധി ഓഫീസ് ഉപരോധം ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് കെ.കെ.ഇബ്രാഹിംകുട്ടി ഉദ്ഘാടനം ചെയ്യുന്നു.*

തൊഴിലാളികളുടെ പേര് പറഞ്ഞ് അധികാരത്തിൽ കയറിയ പിണറായി വിജയൻ സർക്കാർ സർവ്വ മേഖലകളിലും തൊഴിലാളി വിരുദ്ധ നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും, സംസ്ഥാനത്തെ തൊഴിലാളികൾക്കു വേണ്ടി പല ഘട്ടങ്ങളിലായി യുഡിഎഫ് സർക്കാർ കൊണ്ടുവന്ന വിവിധ മേഖലകളിലെ ക്ഷേമപദ്ധതികൾ പ്രതിസന്ധി നേരിടുകയാണെന്നും കെ.കെ. ഇബ്രാഹിംകുട്ടി പറഞ്ഞു.

ചുമട്ടു തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നൂറു കോടി രൂപ എടുത്തിട്ടാണ് ഒരു മാസത്തെ പെൻഷൻ നിർമ്മാണ തൊഴിലാളികൾക്ക് നൽകിയതെന്ന് ഉപരോധ സമരം ഉദ്ഘാടനം ചെയ്തു കൊണ്ട് കെ.കെ. ഇബ്രാഹിംകുട്ടി പറഞ്ഞു.

ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ടി.കെ.രമേശൻ അധ്യക്ഷത വഹിച്ചു. പി.പി.അലിയാർ, എം.പി.സലിം, വി.ഇ. റഹീം, ബാബു സാനി, ആനന്ദ് ജോർജ്, സ്ലീബാ സാമുവൽ, ആന്റണി പട്ടണം, പി.വി. എൽദോസ്, സുനിൽ കുമാർ പി.സി, അഷറഫ്.കെ.എ, മുഹമ്മദ് ജെറീസ്, എം.ഐ.ദേവസ്സിക്കുട്ടി എന്നിവർ പ്രസംഗിച്ചു. ചുമട്ടു തൊഴിലാളി സബ് കമ്മിറ്റിഅംഗങ്ങളായ ജെറിൻ.ടി.ഏലിയാസ്, നദീർ കെ.കെ, സീതിമുഹമ്മദ്, എം.എ.സുലൈമാൻ, ആന്റണി .കെ.വി, അയൂബ്, കെ. കെ.അബൂബക്കർ, റോയ് കല്ലൂർ, ബിജു അങ്കമാലി, ഇക്ബാൽ, നിസാർ, സിദ്ധിഖ് മാടവന തുടങ്ങിയവർ പങ്കെടുത്തു.

● ക്ലാസിഫൈഡ് പത്രിക


ദാമ്പത്യം സന്തുഷ്ടമാക്കൂ
ദിവ്യാമൃതം ലേഹ്യം കഴിക്കൂ.
സ്ത്രീ-പുരുഷ നിത്യയൗവ്വനത്തിന്
എല്ലാ ഇംഗ്ലീഷ് ആയുർവ്വേദ മെഡിക്കൽ ഷോപ്പിലും ലഭിക്കുന്നു.



വിവാഹിതർക്കും, അവിവാഹിതർക്കും, മധ്യവയസ്ക്കരായ സ്ത്രീ-പുരുഷൻമാർക്കും ഒരുപോലെ ഫലപ്രദം. ലൈംഗീക ബലഹീനത, ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, നാഢീതളർച്ച, ശരീരക്ഷീണം, മെലിച്ചിൽ, രക്തക്കുറവ്, മൂത്രത്തിൽ പഴുപ്പ്, അമിതമദ്യപാനികൾക്ക് കരൾവീക്കം, ബീജാണുക്കളുടെ കുറവ് ഇവ പരിഹരിച്ച് സന്താനസൗഭാഗ്യം നേടുവാനും ഈ ദിവ്യ ഔഷധം ഉത്തമമാണ്. ഒരു ടീ സ്പൂൺ വീതം രാവിലെയും വൈകിട്ടും ആഹാരത്തിനുശേഷം കഴിക്കുക.
സംശയങ്ങൾക്ക് വിളിക്കുക: 9847317454
ദിവ്യാ ആയുർവ്വേദ വൈദ്യശാല & എക്സ്പോർട്ടേഴ്സ്, ആയൂർ പി.ഒ., കൊല്ലം.
ഫോൺ : 0475-2292038, 9447558708, 9961000672.
Admn. Off. Edappally. 0484 6462718, E-mail : divya_ayurvedics@yahoo.com.
Website : divyaayurvedics.com

റിയൽ എസ്റ്റേറ്റ്
സ്ഥലം, വീട്, വാടക വീട്, ഓഫീസ്, ഗോഡൗൺ എന്നിവയ്ക്ക് ബന്ധപ്പെടുക
+91 88918 23479

FASTER RELIEF FROM CHRONIC SKIN & ALLERGIC DISEASES WITHIN SHORT PERIOD* !!!
✓ VITILIGO ✓ PSORIASIS ✓ URTICARIA ✓ DANDRUFF ✓ SCABIES ✓ DERMATITIS ✓ ECZEMA ✓ ACNE ✓ ASTHMA ✓ ALLERGIC RHINITIS ✓ DRY SKIN ✓ INITIAL STAGE OF ICHTHYOSIS ✓ INITIAL STAGE OF NEUROFIBROMA ✓ SKIN DISCOLOURATIONS etc.
www.drrsroy.com
HELP LINE +91 9567866204 +91 9495959528
Dr. R.S. Roy
AMRITA AYURVEDA MEDICAL CENTRE
AYURVEDA DERMATOLOGY HOSPITAL
H.O: Layam Road, Tripunithura, Cochin

ഉപകാരസ്മരണ



അലൻ ജോസ്, അമൽ ജോൺ
കലൂർ

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ



▪ മാഗസിൻ
▪ 18 ബി ബി ▪ 177
നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും റിപ്പയറിംഗിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
ഫോൺ : 0484 – 2371598, 2353589

വില്ലക്ക് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്
കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം റോഡിന് സമീപം 3 ഏക്കർ 20 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
+91 98476 14494

സ്ഥലം വില്പനയ്ക്ക്
തമ്മനം-പുല്ലേപ്പടി റോഡിൽ മൂന്ന് നിലക്ക് പ്ലാൻ പാസാക്കിയിട്ടുള്ള മുനേകാൽ സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
ബന്ധപ്പെടുക : +91 85929 92535

കുടിൽ തൊട്ട് കൊട്ടാരംവരെ പ്രകാശമേകാൻ പോപ്പുലർ മെഴുകുതിരികൾ
POPULAR CANDLES Since 1973
POPULAR Candles
Edappally, Kochi - 682 024
Phone: 0484 - 2575015, 2575016

ജോയിന്റ് വെഞ്ചർ ആവശ്യമുണ്ട്
കൊച്ചി നഗരസഭാ ഏരിയായിൽ വിശാല റോഡ് സൗകര്യമുള്ള 50 സെന്റോളം വരുന്ന ഭൂമി ജോയിന്റ് വെഞ്ചറായി ആവശ്യമുണ്ട്
ബന്ധപ്പെടുക
+91 83300 59041

ഫ്ളാറ്റിന് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്
നെട്ടൂർ ബൈപ്പാസിൽ ലേക്ഷോർ ആശുപത്രിക്ക് സമീപം ഫ്ളാറ്റ് നിർമാണത്തിന് അനുയോജ്യമായ ചുറ്റുമതിൽക്കെട്ടുള്ള 75 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
+91 90721 86789

Largest Collection of Wedding Cards & Printing
VALAVI & CO.
BROADWAY, ERNAKULAM
Ph: 2374985, 2353765, 2371201, Press: 2374984

# ഭൂമി തരംമാറ്റ അപേക്ഷകൾ ഉത്തരവിൽ കുടുങ്ങി

**ജിഫിയ**

കൊച്ചി: ഡിജിറ്റൽ സർവേ തുടങ്ങുന്നതിന് മുമ്പ് ഭൂമി തരംമാറ്റ അപേക്ഷ നൽകിയവർ. ലാന്റ് റവന്യൂ കമ്മിഷണറുടെ ഉത്തരവിനെത്തുടർന്ന് പ്രതിസന്ധിയിൽ. ഫോറം 5 അപേക്ഷകൾ, ഭൂമിയുടെ വിസ്തീർണത്തിൽ വ്യത്യാസം വന്നിട്ടില്ലാത്ത കേസുകൾ. സൗജന്യ തരംമാറ്റത്തിന് അർഹമായവ, ജലസംരക്ഷണത്തിന് ഭൂമി നീക്കിവയ്ക്കേണ്ട കേസുകൾ എന്നിവയിൽ മാത്രം തീരുമാനമെടുക്കണമെന്നാണ് ഉത്തരവ്. ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിലെല്ലാം പ്രശ്നമുണ്ട്.

2022 നവംബർ ഒന്നിനാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവേ ആരംഭിച്ചത്. സർവേ പൂർത്തിയായ വില്ലേജുകളിൽ പുതിയ റെക്കോർഡുകൾ നിലവിൽ വന്നിട്ടും പോർട്ടലിൽ തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാൻ കഴിയാതെ മാസങ്ങളോളം തടസ്സപ്പെട്ടു.

ഈയിടെ തരംമാറ്റ നടപടികൾ പുനരാരംഭിച്ചെങ്കിലും പുതിയ ഉത്തരവ് വീണ്ടും പ്രതിസന്ധിയുണ്ടാകുകയാണ്.

റീസർവേ കഴിഞ്ഞ വില്ലേജുകളിലെല്ലാം ഭൂമിയുടെ വിസ്തീർണത്തിൽ മാറ്റമുണ്ട്. സർവേക്കുശേഷം തരംമാറ്റ അപേക്ഷ നൽകിയവരെ ഉത്തരവ് ബാധിക്കില്ല. സർവേക്ക് മുൻപ് അപേക്ഷിച്ചവരുടെ കാര്യത്തിൽ പഴയ റെക്കോർഡ് പ്രകാരം തരംമാറ്റി നൽകാൻ നടപടി വേണമെന്ന് ആവശ്യമുയർന്നെങ്കിലും നടപടിയുണ്ടായില്ല.

മാസങ്ങൾക്ക് മുൻപ് തരംമാറ്റം അനുവദിച്ച്, ലക്ഷങ്ങൾ ഫീസടച്ച അപേക്ഷകളിൽപോലും ഉത്തരവ് നൽകാൻ ആർഡിഒ, ഡപ്യൂട്ടി കളക്ടർമാർക്ക് കഴിയുന്നില്ല. തിരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉടൻ തീരുമാനമുണ്ടായില്ലെങ്കിൽ നടപടികൾ നീണ്ടുപോകും. വീടുനിർമാണം, ചികിത്സ, വിവാഹം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് വിൽക്കുന്നതിനും വായ്പയെടുക്കുന്നതിനും മറ്റു ഭൂമി തരംമാറ്റി കിട്ടുന്നതിനാണ് പലരും അപേക്ഷ നൽകുന്നത്.

# വെടിനിർത്തലിന് ആഹ്വാനം ചെയ്ത് ലിയോ മാർപാപ്പ



വത്തിക്കാൻ: പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നതിനിടെ വെടിനിർത്തലിനും നയതന്ത്ര ചർച്ചകൾക്കും ആഹ്വാനം ചെയ്ത് ലിയോ മാർപാപ്പ.

അസ്വസ്ഥതയുളവാക്കുന്ന വാർത്തകളാണ് പുറത്തുവരുന്നതെന്നും മറ്റു രാജ്യങ്ങളിലേക്ക് കൂടി അക്രമം പടരാനും ലെബനൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ വീണ്ടും അസ്ഥിരതയിലേക്ക് കൂപ്പുകുത്താനിടയുണ്ടെന്നുമുള്ള ആശങ്ക സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന പ്രാർത്ഥനയിലാണ് മാർപാപ്പ പങ്കുവച്ചത്.

ബോംബുകളുടെ മുഴക്കങ്ങൾ ഇല്ലാതാകട്ടെയെന്നും ആയുധങ്ങൾ നിശ്ശബ്ദമാകട്ടെയെന്നും ജനങ്ങളുടെ ആവശ്യം കേൾക്കുന്ന വിധത്തിൽ മധ്യസ്ഥതയ്ക്ക് വഴി തുറക്കട്ടെയെന്നും ദൈവത്തോട് പ്രാർത്ഥിക്കാമെന്ന് മാർപാപ്പ പറഞ്ഞു.

യുഎസ് – ഇസ്രയേൽ സഖ്യം ഇറാനിൽ നടത്തിയ ആക്രമണം രാജ്യാന്തര നിയമങ്ങൾക്ക് എതിരാണെന്നും പ്രതിരോധത്തിനെന്ന പേരിൽ യുദ്ധം നടത്താൻ രാജ്യങ്ങൾക്ക് അവകാശമില്ലെന്നും വത്തിക്കാനിലെ ഉന്നത നയതന്ത്രപ്രതിനിധി കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു.








# വിശുദ്ധ വാരാചരണത്തിനും പുതുഞായറിനും മലയാറ്റൂരിൽ ഒരുക്കങ്ങളായി

മലയാറ്റൂർ: കുരിശുമുടിയിലും മലയാറ്റൂർ സെന്റ് തോമസ് പള്ളിയിലും (താഴത്തെ പള്ളി) വിശുദ്ധ വാരാചരണത്തിനും പുതുഞായർ തിരുനാളിനുമുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തിരുനാൾ ആഘോഷത്തിനു മുന്നോടിയായി മലയാറ്റൂർ ബൈബിൾ കൺവൻഷൻ ആത്മാഗ്നി സെന്റ് തോമസ് പള്ളിയിൽ നടന്നു.

അതിരൂപത സിഞ്ചെല്ലൂസ് ഫാ. ജോസ് പുതിയേടത്ത് ഉദ്ഘാടനം ചെയ്തു. മലയാറ്റൂർ ദർശന ധ്യാന കേന്ദ്രം ഡയറക്ടർ ഫാ. ബിനീഷ് മാങ്കുന്നേൽ ആണ് കൺവൻഷൻ നയിക്കുന്നത്. വിശുദ്ധ വാരത്തോടനുബന്ധിച്ച് കുരിശുമുടി പള്ളിയിൽ കുരുത്തോല വെഞ്ചരിപ്പ്, പ്രദക്ഷിണം, പെസഹ വ്യാഴം ദിനത്തിൽ രാവിലെ 7ന് കാലുകഴുകൽ ശുശ്രൂഷ, പൂർണദിന ആരാധന, പൊതു ആരാധന, ദുഃഖ വെള്ളി ദിനത്തിൽ രാവിലെ 7ന് പീഡാനുഭവ തിരുക്കർമങ്ങൾ, നഗരി കാണിക്കൽ, വലിയ ശനി ദിനത്തിൽ രാവിലെ 7ന് മാമോദിസ വ്രത നവീകരണം രാത്രി 11.45ന് ഉയിർപ്പ് തിരുക്കർമങ്ങൾ എന്നിവയുണ്ടാകും. താഴത്തെ പള്ളിയിൽ ദുഃഖ വെള്ളി ദിനത്തിൽ വൈകിട്ട് 3ന് ആഘോഷമായ കുരിശിന്റെ വഴിയെത്തുടർന്ന് കുരിശുമുടി അടിവാരത്തേക്ക് വിലാപയാത്രയുണ്ടാകും.

ഏപ്രിൽ 9 മുതൽ 12 വരെയാണ് പുതുഞായർ തിരുനാൾ ആഘോഷം. ഏപ്രിൽ 17 മുതൽ 19 വരെ എട്ടാമിടം ആഘോഷിക്കും.

നോമ്പ് കാലത്ത് ദിവസവും രാവിലെ 5.30, 7.30, 9.30 വൈകിട്ട് 6.00 സമയങ്ങളിൽ കുരിശുമുടി പള്ളിയിൽ ആരാധന, ജപമാല, കുർബാന, നൊവേന എന്നിവയുണ്ടാകും. മുൻകൂട്ടി അറിയിച്ചു വരുന്ന ചെറിയ ഗ്രൂപ്പുകൾക്ക് ധ്യാനം, പ്രാർഥന എന്നിവയ്ക്ക് സൗകര്യം ലഭ്യമാണ്.

Edited, Published and Owned by Simon Edappally, 64/5218, Kaloor, Kochi-682 017, Phone: 0484-2338268 and Printed by him at Cherrys Printers. Chief Editor-Simon Edappally. (Editor responsible for selection of contents under PRB Act)